LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ മോഡൽ സ്റ്റഡി റിപ്പോർട്ട്

99 [256] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ മോഡൽ സ്റ്റഡി റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് ഏത് ഏജൻസിയാണ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) പൂനയിലെ കേന്ദ്ര ജല-വൈദ്യുത ഗവേഷണകേന്ദ്രം.

(സി) പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ഈ സാമ്പത്തികവർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനത്തിനുള്ള മാനദണ്ഡം

100 [257] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കിയശേഷം ബാക്കിയുള്ള സീറ്റുകളിൽ ഡേ സ്കോളേർസ് ആയി പെൺകുട്ടികൾക്കും തുടർന്ന് ഒഴിവ് വരുന്ന സീറ്റുകളിൽ ജനറൽ സീറ്റുകളായി കണക്കാക്കി മറ്റു കുട്ടികൾക്കും പ്രവേശനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിൻമേൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;